തസ്മിൻ പ്രവിഷ്ടേƒസുര കൂടകർമ്മജാ
മായാ വിനേശുർമ്മഹിനാ മഹീയസ:
സ്വപ്നോ യഥാ ഹി പ്രതിബോധ ആഗതേ
ഹരിസ്മൃതി: സർവവിപദ്വിമോക്ഷണം **(8-10-55)**

*ശുകമുനി തുടർന്നു:*
ദേവന്മാരും അസുരന്മാരും ഒത്തൊരുമിച്ച് പ്രയത്നിച്ചതിന്റെ ഫലമായാണ് അമൃതു ലഭിച്ചത്. എങ്കിലും അസുരന്മാർക്ക് അതിന്റെ പ്രയോജനം കിട്ടാതെ പോയി. കാരണം, അവർ ഭഗവാൻ വാസുദേവനിൽനിന്നും അകന്നു പോയിരുന്നുവല്ലോ. അവതാരോദ്ദേശം നിറവേറ്റി ഭഗവാൻ അപ്രത്യക്ഷനായി.

ഇഛാഭംഗിതരായ രാക്ഷസന്മാർ ദേവന്മാർക്കെതിരായി യുദ്ധം തുടങ്ങി. മുൻപൊക്കെ അവർക്ക് ദേവന്മാരെ നിഷ്പ്രയാസം ഞെരിച്ചമർത്താൻ കഴിയുമായിരുന്നു. എന്നാൽ ഇപ്പോൾ പോരാട്ടത്തിന്റെ ഗതിയാകെ മാറിയിരിക്കുന്നു. അമൃതുകൊണ്ടും ഭഗവൽകൃപകൊണ്ടും ദേവന്മാർ ശക്തിയാർജ്ജിച്ചിരിക്കുന്നു. അസുരന്മാർക്ക് തക്കതായ മറുപടി നൽകാൻ ഇപ്പോൾ അവർക്ക് സാധിക്കുന്നു.

ഇരുമ്പി വരുന്ന രണ്ടു സമുദ്രങ്ങൾ കൂട്ടിമുട്ടുന്നതു പോലെ ഭയാനകമായിരുന്നു രണ്ടു പടകളും അടുത്തു വരുമ്പോൾ. ദേവന്മാർക്കും അസുരന്മാർക്കും അവരവരുടെ സ്ഥാനചിഹ്നങ്ങളും മറ്റു പരിവാരങ്ങളും ഉണ്ടായിരുന്നു. ദേവന്മാരാൽ ചുറ്റപ്പെട്ട് ഐരാവതത്തിന്റെ പുറത്തിരുന്ന് ഇന്ദ്രൻ, സൂര്യനെപ്പോലെ തിളങ്ങി. ഇന്ദ്രനെ ബലി ആക്രമിച്ചു. മറ്റസുരന്മാർ ഓരോ ദേവന്മാരുമായി യുദ്ധത്തിലേർപ്പെട്ടു. ആനകൾ, കുതിരകൾ, മുറിച്ചെറിയപ്പെട്ട തലകൾ, കബന്ധങ്ങൾ എന്നിവ യുദ്ധക്കളത്തിൽ ചിതറിക്കിടന്നു. അവിടവിടെ, കൈകളിലായുധമേന്തിയ കബന്ധങ്ങൾ ഓടിനടന്നു. ശരീരമില്ലാത്ത തലകൾ യുദ്ധവീരന്മാരെ നോക്കി കിടക്കുകയും ചെയ്തു.

ബലി ഇന്ദ്രനുനേരെ പത്ത് അസ്ത്രങ്ങൾ വിക്ഷേപിച്ചു. മൂന്നെണ്ണം ആനയ്ക്കു നേരെ. ആനയുടെ നാലു കാവൽക്കാർക്കും നേരെ ഓരോന്ന്. ആനക്കാരനു നേരെ ഒരെണ്ണം എന്നിങ്ങനെ ബലി അമ്പയച്ചു. ഇന്ദ്രൻ അവയെയെല്ലാം തന്റെ ആയുധം കൊണ്ടു മുറിച്ചുകളഞ്ഞു. ബലി തന്റെ ആഗ്നേയാസ്ത്രം പുറത്തെടുത്തു. അത് വിക്ഷേപിക്കും മുൻപ് ഇന്ദ്രൻ ബലിയുടെ കയ്യിൽനിന്നും അതിനെ തെറിപ്പിച്ചു കളഞ്ഞു. ബലി പിന്നീട് തന്റെ മായാശക്തി പ്രയോഗിച്ചു. ദേവന്മാർക്ക് മുകളിൽ വലിയൊരു പർവ്വതം പ്രത്യക്ഷപ്പെട്ടു. അവയിൽനിന്നും കത്തിയെരിഞ്ഞ മരങ്ങളും, കടുവാകളും, സിംഹങ്ങളും, ദുരാത്മാക്കളും വന്ന് ദേവന്മാരെ പീഢിപ്പിക്കാൻ തുടങ്ങി. ഈ പൈശാചീകമായ മന്ത്രവാദത്തെ നേരിടാൻ ദേവന്മാർക്കായില്ല. ഉടനേ ഭഗവാൻ യുദ്ധക്കളത്തിൽ പ്രത്യക്ഷനായി. ആ നിമിഷം, അസുരന്മാരുണ്ടാക്കിയ എല്ലാ മായാജാലങ്ങളും അപ്രത്യക്ഷമായി. കാരണം, ഭഗവൽസ്മരണമാത്രയിൽത്തന്നെ ജീവിതത്തിലെ വൈതരണികൾ തരണം ചെയ്യാൻ സാധിക്കുമല്ലോ. കാലനേമി എന്ന അസുരൻ ഒരു സിംഹത്തെ ഭഗവാനുനേരെ വിട്ടു. ഭഗവാൻ കാലനേമിയേയും സിംഹത്തേയും വധിച്ചു. മറ്റു പല അസുരന്മാരും ഭഗവാന്റെ കൈകളാൽ മരണപ്പെട്ടു. മാലി, സുമാലി, മാല്യവാൻ എന്നീ അസുരപ്രമുഖർ ഇക്കൂട്ടത്തിൽപ്പെടുന്നു.